**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2778** **14-09-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമപഞ്ചായത്തിലെ അമൻ സ്റ്റീൽ ഒ പ്ലാസ്റ്റിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമപഞ്ചായത്തിൽ പതിനാലാം വാർഡിൽ പ്രവർത്തിക്കുന്ന അമൻ സ്റ്റീൽ ഒ പ്ലാസ്റ്റ് എന്ന കമ്പനിക്ക് പ്രതിദിനം 100 കിലോഗ്രാം പ്ലാസ്റ്റിക് കാലിക്കുപ്പികൾ പ്രോസസ് ചെയ്യുന്നതിനാണ് പൊല്യൂഷൻ കൺട്രോൾ ബോർഡ് (പി.സി.ബി) അനുമതി നൽകിയിട്ടുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്; |
| (ബി) | ഇപ്പോൾ പ്രസ്തുത കമ്പനിയിൽ പ്രതിദിനം 2000 കിലോഗ്രാം പ്ലാസ്റ്റിക് കുപ്പികൾ പ്രോസസ്സ് ചെയ്യാൻ ജില്ലാ വ്യവസായ കേന്ദ്രം അനുമതി നൽകിയിട്ടുണ്ടോ; | (ബി) | മലിനീകരണനിയന്ത്രണ ബോർഡ് ആദ്യം 100 കിലോഗ്രാമിനാണ് അനുമതികൊടുത്തതെങ്കിലും 21/09/2021 ലെ PCB/MLPM/CVO/G19 MALI 65088/2021നമ്പർ പ്രവർത്തനാനുമതി പ്രകാരം ആയതു 2000 കിലോഗ്രാം ആയി ഉയർത്തി 28/02/2026 വരെ കാലാവധിയുള്ള അനുമതി പത്രം നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതിന്റെ അനുമതിയുടെ മാനദണ്ഡമെന്ത് ; വിശദാംശങ്ങൾ നൽകുമോ; പി.സി.ബി.യുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണോ അനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (സി) | കേരള MSME ഫെസിലിറ്റേഷൻ ആക്റ്റ് 2019 പ്രകാരം പെറ്റ് ബോട്ടിലുകൾ ബെയിൽ ചെയ്യുന്നതിനുള്ള കൈപ്പറ്റ് സാക്ഷ്യപത്രമാണ് കമ്പനിക്ക് നൽകിയിട്ടുള്ളത്. ആയത് മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമല്ല. |
| (ഡി) | എം.എസ്.എം.ഇ.യിൽ രജിസ്ട്രേഷൻ ഉള്ള ഈ സ്ഥാപനം 2016- ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിന് അനുസൃതമായി പ്രവർത്തിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ടോ; എന്നാൽ ഈ സ്ഥാപനം പ്രസ്തുത റൂൾസിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ നിജസ്ഥിതി വ്യക്തമാക്കുമോ; | (ഡി) | പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മന്റ് റൂൾസ് 2016-ന് വിധേയമായിട്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതി സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾക്കു കീഴിൽ പ്രത്യേക രജിസ്ട്രേഷൻ എടുക്കേണ്ടതില്ല. |
| (ഇ) | ഈ സ്ഥാപനത്തിന് സമീപത്തായി വ്യവസായ വകുപ്പിന്റെ കീഴിൽ ഇത്തരം വ്യവസായങ്ങൾക്കായി സ്ഥലങ്ങൾ നീക്കി വച്ചകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പന്ത്രണ്ട് മറുനാടൻ | (ഇ) | യൂണിറ്റിന് സമീപത്തായി വ്യവസായ വകുപ്പിന് കീഴിലുള്ള ചെറുകാവ് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഉണ്ടെങ്കിലും, എസ്റ്റേറ്റിൽ നിലവിൽ സ്ഥലം ലഭ്യമല്ല. കൂടാതെ നിലവിലുള്ള ചട്ടങ്ങൾ പാലിച്ചുകൊണ്ട് |

| | | | |
|---|---|---|---|
| | തൊഴിലാളികൾ മാത്രം ജോലി ചെയ്യുന്നതും 190.94 സ്ക്വയർ മീറ്ററിൽ സ്ഥിതി ചെയ്യുന്നതുമായ ഈ സ്ഥാപനത്തെ മേല്പറഞ്ഞ ഏതെങ്കിലും സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | | പ്രവർത്തിച്ചുവരുന്ന യുണിറ്റ് മാറ്റി സ്ഥാപിക്കാൻ വകുപ്പ് തലത്തിൽ നിർദേശിക്കേണ്ട സാഹചര്യമില്ല. എന്നാൽ സംരംഭകന് സ്വമേധയാ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് തടസമില്ല. |

സെക്ഷൻ ഓഫീസർ